# മലങ്കര ഇടവകപത്രിക

പുസ്തകം ൧൪ | ൧൯൦൫ കുംഭം | ലക്കം ൨.

"ശത്രുക്കളെ സ്നേഹിപ്പിൻ" മത്താ. ൫. ൪൪.

ഈ വാക്യം നമ്മുടെ കർത്താവിന്റെ മലപ്രസംഗത്തിൽ ഒരു ഭാഗമാകുന്നു. ലോകത്തിനു ഈ കല്പന വളരെ അത്ഭുതമായിട്ടും അസാദ്ധ്യമായിട്ടും തോന്നാം. എന്തെന്നാൽ മനുഷ്യന്റെ സ്വഭാവികം ശത്രുക്കളെ ദ്വേഷിക്കയും ഇഷ്ടരെ സ്നേഹിക്കയുമാകുന്നു. ശത്രുക്കളെ സ്നേഹിക്കുന്നതു ദൈവത്തിന്റെ സ്ഥിതി, സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നതു മനുഷ്യസ്വഭാവം. സ്നേഹിക്കുന്നവരെ ദ്വേഷിക്കയും ഉപദ്രവിക്കയും ചെയ്യുന്നതു പിശാചിന്റെ തത്വം. മറ്റുള്ളവർ നമ്മോടു ചെയ്യുന്ന കരുണകേടുകളെയും ദ്രോഹങ്ങളെയും നാം എത്രയും അഗണ്യമായി വിചാരിക്കുന്നുവൊ അത്രയും മനസമാധാനവും തൃപ്തിയും നമുക്കുണ്ടാകുന്നതാണു. കർത്താവിന്റെ വചനങ്ങൾ ഓരോന്നും സ്വർഗ്ഗപാതയിലേക്കുള്ള നമ്മുടെ ഗമനത്തിനു അനുസരിക്കേണ്ടും വിധികളും ഉപയുക്തവുമായി മാത്രമല്ലാ ഇരിക്കുന്നതു. പിന്നെയൊ വിശ്വവിശ്രുതന്മാരായ ബുദ്ധിമാന്മാരാൽ സന്മാർഗ്ഗോദ്ദിഷ്ടം ഉപദേശിച്ചിട്ടുള്ള വിശിഷ്ടതര നീതിവാക്യങ്ങളെക്കാൾ സഹസ്ര മടങ്ങു ഫലം അതിനെ അനുഷ്ഠിക്കുന്ന ഏവക്കും സാദ്ധ്യമാകത്തക്കവണ്ണം എത്രയും ശ്രേഷ്ഠവും ഗുണാതിശയവും ഏറീട്ടുള്ളതാകുന്നു. മഹാമനസ്കനായ ഗ്രീൻതന്നെയും തന്റെ അയല്ക്കാരനായ ശഠനും ദുർബ്ബുദ്ധിയും ജനരഞ്ജനയില്ലാത്തവനുമായ ഒരു പരമ ശത്രുവിനെ തന്റെ പ്രിയ മിത്രമാക്കിതീർത്തതു പ്രസ്തുതവിഷയത്താൽ മാത്രമായിരുന്നു. ഇനിയും വേദപുസ്തകത്തിൽനിന്നു ചില ദൃഷ്ടാന്തങ്ങൾ എടുക്കാം.

ഏശാവിനു ന്യായമായി ചെല്ലേണ്ടതും പിതാവിനാൽ വാഗ്ദാനം ചെയ്യപ്പെട്ടതുമായ അനുഗ്രഹവും തന്നിൽനിന്നു മാറാൻ പാടില്ലാതവണ്ണം ഉണ്ടായിരുന്ന ജനനാവകാശവും കൈക്കലാക്കികൊണ്ടു തന്മൂലം ഉണ്ടായ ഘോരവൈരം നിമിത്തം ഒളിച്ചോടിപ്പോയ്ക്കളഞ്ഞവനായ യാക്കോബിന്റെ തിരിച്ചുവരവിൽ കൊല ചെയ്വാൻ പോലും മടികാതെ അതികുപിതനായിരുന്ന ഏശാവിന്റെ പ്രവൃത്തി എത്ര വിസ്മയനീയമായിരുന്നു. "ഏശാവു അവനെ എതിരേല്പാൻ ഓടിവന്നു അവനെ ആലിംഗനം ചെയ്തു അവന്റെ കഴുത്തിൽ കെട്ടിപിടിച്ചു അവനെ ചുംബിച്ചു അവർ കരക

യ്യം ചെയ്യു" ആദ്യ. ൩൩. ൧൦. ഈ വിശേഷതര സംഭവത്തിനു ണ്ടായ കാരണമെന്താണ. തന്റെ ശത്രുവിനെ സ്നേഹിച്ചു അവനെ വണങ്ങി. വലിയൊരു യജമാനനെപ്പോലെ യാക്കോബ ഏശാവിനെ വണങ്ങി ഇതത്രെ. ഹാ ഇതു കണ്ടപ്പോൾ ക്രുദ്ധിച്ചിരുന്നവനായ ഏശാവിന്റെ ഹൃദയം തകൎന്നപോയി. തന്നിൽ വളരെകാലത്തേക്ക നിക്ഷേപിച്ചു വച്ചിരുന്ന പ്രതിക്രിയ തൽക്ഷണം പൊന്നപോയി. ഇപ്രകാരം യാക്കോബ തന്റെ ബദ്ധവൈരിയെ കൈവശത്താക്കി ക്ഷമയാൽ സാധിക്കാത്തതു ഒന്നുമില്ലാ. ഇതിനെ വായിക്കുന്ന പ്രിയ സഹോദരാ നീ നിന്റെ ശത്രുവിനെ സ്നേഹിക്കുന്നുണ്ടോ.

൨. ഗോത്രപിതാവായ യോസേഫ.

യോസേഫ ഫലം തരുന്ന മുന്തിരിവള്ളിയാകുന്നു. അവൻ ബാല്യംമുതലെ തന്റെ പിതാവിന്റെ ദൈവത്തെ ഭയപ്പെട്ടുവന്നു. ദുഷ്പ്രവൃത്തികളിൽ അവന്ന രസം ഒട്ടും ഇല്ലായിരുന്നു. ഭക്തിമാൎഗ്ഗങ്ങളിൽ പരിശീലിക്കപ്പെട്ടുവന്നു. ദുഷ്കീൎത്തിയിലുള്ള വിരസത നിമിത്തം തന്റെ സഹോദരന്മാരുടെ അതിക്രമത്തെ യോസേഫ പിതാവിനോട അറിയിച്ചുവന്നു. തന്നിമിത്തവും മറ്റും വൃദ്ധതയിൽ ജനിച്ച തന്റെ പുത്രനെ ഇസ്രയേൽ മറ്റുള്ള എല്ലാവരെക്കാളും അധികം സ്നേഹിച്ചു. സ്നേഹസൂചകമായി പലവൎണ്ണമുള്ള ഒരു അങ്കിയെ യോസേഫിന്ന ഉണ്ടാക്കിച്ചു കൊടുത്തും മറ്റും പല തരത്തിൽ പിതാവിന്ന ഇളയ പുത്രനോടുള്ള പ്രത്യേകസ്നേഹം സ്പഷ്ടീഭവിച്ചു. സഹോദരന്മാർക്ക ഇതെല്ലാം കണ്ടപ്പോൾ സഹിച്ചുകൂടാഞ്ഞു അവർ അവനെ പകച്ചു. ക്രമേണ യോസേഫിനോടുള്ള ദ്വേഷവും അധികരിച്ചുവന്നു. കൊടുതായുള്ള ദ്രോഹം ചെയ്യണമെന്നു കരുതിവരവെ തക്കതായുള്ള ഏതനവും കിട്ടി. എങ്ങിനെയെന്നാൽ കുഞ്ഞാടിന്നു തുല്യം നിഷ്കളങ്കനായ യോസേഫ സഹോദരന്മാരുടെ സുഖസ്ഥിതി അറിവാൻ തനിയെ വീട്ടിൽനിന്നു പുറപ്പെട്ടു കാടും മലയും കേറി വഴിതെറ്റി ചുറ്റിതിരിയുന്നു. പ്രയാസത്തെ ഒട്ടും ഗണ്യമാക്കാതെ പിതാവിന്റെ ആജ്ഞാനുസരണം ഉദ്ദിഷ്ടസ്ഥലത്തെ പ്രാപിക്കുന്നതിന്ന ജാഗ്രതയോടുകൂടെ ശ്രമിച്ചു എത്തുകയും ചെയ്തു. ഈ സമയം വഞ്ചകരും നിഷ്ഠുരകരുമായ സഹോദരന്മാർ ഓടിഎത്തി കോമളനായ തങ്ങളുടെ ബാല്യ സഹോദരനെ ചുംബിക്കുന്നതിന്ന പകരമായി ദൂരെ കണ്ടപ്പോഴെ ഉള്ള അവരുടെ ആലോചനകളും ഭാവങ്ങളും എത്ര ഭയങ്കരമായിട്ടുള്ളതു. അയ്യൊ നിരപരാധിയായ കൊച്ചുകുഞ്ഞിന്റെമേൽ കഠിന കണ്ണന്മാർ എത്ര വേഗം കൈകളെ വെച്ചു. അല്പവും മനസ്സലിവുകൂടാതെ ഭീഷണിവാക്കുകളാലും മറ്റു പല തരത്തിലും നൊമ്പരപ്പെടുത്തി. അസൂയ കുക്ഷികളായ അവർ തങ്ങളുടെ അസൂയക്കു ലാക്കായിരുന്ന അ

ങ്കിയെയും ഉരിഞ്ഞെടുത്തു കൊല്ലാകുല ചെയ്തു പൊട്ടകിണററിൽ പിടിച്ചിടുകയും ചെയ്തു. ഒടുവിൽ ഇതാ പാരദേശികന്മാരായ കച്ചവടക്കാൎക്കു കൊടുത്തു കാശും വാങ്ങി. എന്താണ് ഇതിപ്രകാരം സ്വന്ത സഹോദരന്മാർ തന്നോടു ഉപദ്രവം ചെയ്യുന്നതെന്നൊ യാതൊന്നുമില്ലെന്നു മുക്തകണ്ഠം വിളിച്ചുപറയാം. എത്ര കഠിനകൎമ്മമാണ അവർ ചെയ്തതു. ഈ പ്രകാരം സ്നേഹത്തിനുപകരം അസഹനീയമായ അന്യപദ്രവത്തെ ചെയ്ത ദുഷ്ടഭ്രാതൃക്കളോടു തക്കതായ പ്രതികാരം ചെയ്യാൻ നല്ല അവസരം കിട്ടുമ്പോൾ എന്താണ പ്രവൃത്തിക്കേണ്ടതു. ഉത്തമനായ യോസേഫായി എന്ന ഏക പുരുഷനോടുമാത്രം ദുഷ്ടാനായ ഹാമാനു ഉണ്ടായിരുന്ന അന്യായമായ അസൂയയുടെ അന്തസ്സിനുതക്കവണ്ണം പ്രതികാരം ചെയ്യാനായി പ്രതിപക്ഷിയുടെ കുലത്തെ മുഴുവൻ നശിപ്പിക്കുന്നതിനു അത്യധികം ശ്രമം ചെയ്യാമെങ്കിൽ യൌവനദശയുടെ പ്രാരംഭത്തിൽ തന്നെ പ്രിയപിതാവിങ്കൽ നിന്നു വേർപെടുത്തുകയും അടിമവേലയിൽ കിടന്നു കഷ്ടപ്പെട്ടുന്നതിനും ദുഃഖിക്കുന്നതിനും അകാരണം ഇടവരുത്തിയവരോടു പകരം വീട്ടുന്നതു ഏതുവിധത്തിലായിരിക്കുമെന്നു ഊഹ്യമാണല്ലൊ. ന്യായം ഇങ്ങനെയെല്ലാം ഇരിക്കിലും പ്രവൃത്തി നമ്മുടെ ഊഹത്തിനു വിപരീതമായിട്ടായിരുന്നു നടന്നതു. സ്നേഹിതാ കേട്ടുകൊൾക. ആദ്യ. ൪൫- അ. ൧൫ അവൻ തന്റെ സഹോദരന്മാരെ എല്ലാവരെയും ചുംബിച്ചു അവരുടെമേൽ കരഞ്ഞു. അതിന്റെ ശേഷം അവന്റെ സഹോദരന്മാർ അവനോടു സംസാരിക്കയും ചെയ്തു. ൧൫-ാം വാ. ഹാ. ഇതെത്ര അതിശയിക്കതക്ക സ്വഭാവം. എത്രപേർ അസൂയനിമിത്തം പുറമെ സ്നേഹം നടിച്ചുകൊണ്ടു വിരോധികളല്ലാത്തവരെപോലും തരം വരുമ്പോൾ കുടുക്കിലാക്കാനു ഉത്സാഹിക്കുന്നുണ്ടു. ദൈവത്തിന്റെ ജനങ്ങൾക്കു ഒരിക്കലും ചേരാത്ത വഞ്ചനയെ പ്രയോഗിക്കുന്നവനെ നിന്റെ ആലോചന നിനക്കു തന്നെ നാശം. ബേൽതെശസ്സർ എന്ന മറുനാമമുള്ള ദാനിയേലിന്റെ ജീവഹാനി വരുത്തി തങ്ങളുടെമോഹം നിറവേററാൻ ശത്രുക്കളാൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള സൂത്രം അവരുടെകാഴ്ചയ്ക്കു അത്യധികം വിലയുള്ളതായിരുന്നെങ്കിലും ജീവനുള്ള ദൈവത്തിന്റെ ഭൃത്യനായ ദാനിയേലിനു അതുനിമിത്തം യാതൊരു ദൊഷവും സംഭവിച്ചില്ലാ. നേരെമറിച്ചു ശത്രുക്കൾക്കു സംഭവിച്ചതു എന്തെന്നു കാണുക. (ദാനി. ൬. വ൨൪) പ്രിയ സഹോദരാ നീ നിന്റെ ശത്രുവിനെ സ്നേഹിക്കുന്നുണ്ടോ, നിന്റെ ഹൃദയം ദൈവത്തിന്റെ മുമ്പാകെ പരമാൎത്ഥമായിരിക്കുന്നോ നിന്നെത്തന്നെ ശോധന ചെയ്തുനോക്കുക. രക്ഷിതാവിന്റെ ഇഷ്ടത്തിനു വിപരീതമായി ശത്രുവിനോടു പകരം വീട്ടേണമെന്നുള്ള കരുതലോടുകൂടി കാത്തിരിക്കുന്നവനെങ്കിൽ ഉടൻ നിന്റെ നിശ്ചയത്തിൽനിന്നു ഭേദപ്പെട്ടു

കൊൾക. യൊസേപ്പിനെപ്പോലെ സ്നേഹമുള്ളവനായിരിക്ക. ഹാ ഇപ്രകാരമുള്ള വിശിഷ്ട ഗുണം യൊസെഫിൽ ഉണ്ടായിരുന്നിട്ടല്ലയൊ മിസ്രയിമിൽ ഉപരാജാവായിട്ടു ഭരിപ്പാൻ ഇടയന്മാരുടെ കൂട്ടത്തിൽനിന്നും തന്നെ വെർപ്പെടുത്തിയ്യു. വായനക്കാരാ യൊസെഫിന്റെ സൌശീല്യം നിന്നിലും ശോഭിക്കട്ടെ.

൩. യിശായിയുടെ പുത്രനായ ദാവീദ.

ഇദ്ദേഹത്തിന ശത്രുക്കളോടുള്ള സ്നേഹംകൊണ്ടും മറ്റു ഓരൊ ആദരണീയങ്ങളായ പ്രവൃത്തികളാലും "എന്റെ സ്വന്ത ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നു സർവ്വശക്തൻ തന്നെയും സാക്ഷീകരിച്ചിരിക്കുന്നു. ഇസ്രയേലിന്റെ ഒന്നാമത്തെ രാജാവായ ശാവുൽ ഒരു വിധത്തിൽ നോക്കിയാൽ ദാവീദിന്റെ ആത്മപ്രിയനായിരിക്കെണ്ട ആൾതന്നെ എങ്കിലും നേരെ വിപരീതമായിട്ടായിരുന്നു സ്ഥിതി ചെയ്തതു. വൈരം മുഴുത്തു മുഴുത്തു യൌവ്വനക്കാരനായ ദാവീദിനെ കൊല്ലുവാൻ ഇസ്രയേലിലെ മഹാരാജാവു ഇത്ര കൊട്ടാരത്തെയും സുഖാനുഭവങ്ങളെയും വെടിഞ്ഞു സൈന്യങ്ങളുമായി വൻകാടുകളിലും മലകളിലും കുത്തി അപകരിക്കപ്പെട്ട കാരടികണക്കെ ചുറ്റിതിരയുന്നു. ദാവീദെന്നു വേണ്ടാ അദ്ദേഹത്തിന്റെ കൂട്ടാളികളിലൊ സഹായികളിലൊ ആരെപ്പൊലും കണ്ടാൽ ഉടൻ ഭസ്മീകരിക്കത്തക്കവണ്ണം കഠിന കൊപപരവശ്യനായിതന്നെ. എന്നാൽ ഒരു ഘട്ടത്തിൽ നീതികെട്ടവനായ ശാവുൽ ഇനിയും ഒരിക്കലും ദാവീദിന എതിരായി പ്രവൃത്തിക്കുന്നതിന ഇട വരാത്തവണ്ണം എത്രയും ക്ഷണത്തിൽ നിവൃത്തിക്കത്തക്കവണ്ണം ഒരു പരിഹാര മാർഗ്ഗം യാതൊരു ശ്രമസാദ്ധ്യവും കൂടാതെ ദൈവനിയോഗംപോലെ സംഭവിച്ചു. (൧. ശമു. ൨൪. ൩. ൪) ഈ സന്ധിയിൽ ദാവീദിന്റെ പ്രവൃത്തി ഇന്നതായിരിക്കണമെന്നു അങ്കുരിച്ചുകഴിഞ്ഞല്ലൊ. എന്നാൽ സ്നേഹിതരെ ദൈവമനസ്സുള്ളവനായ ദാവീദു നമ്മുടെ ഊഹത്തിന വിപരീതമായി അത്രെ പ്രവൃത്തിച്ചതു. ഇതു ദാവീദിന്റെ അപ്രാപ്തിനിമിത്തമായിരിക്കുമെന്നു ആരും ശങ്കിപ്പാൻ വകയില്ലല്ലൊ. എന്തെന്നാൽ ഇസ്രയേൽ എല്ലാം വിറച്ചു ഭയപ്പെടത്തക്കവണ്ണം കാരണഭൂതനായ ഗോലിയാത്ഥ എന്ന വലിയ മല്ലനോടു യുദ്ധത്തിന അല്പവും പരിചയിക്കാതെ വന്ന, വയസ്സുമാത്രം ഉള്ളപ്പോൾ പോർക്കളത്തിൽവെച്ചു എത്രത്തോ ആ വിക്രമനെ നിഷ്പ്രയാസേന കൊന്ന ദാവീദിന, തന്റെ ആധീനതയിൽ വന്നുകേറിയ ശാവുലിനെ കൊല്ലുവാൻ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ലാ. എങ്കിലും അവൻ അതിനെ എല്ലാം നിരാകരിച്ചുകളഞ്ഞു. 'ഞാൻ എന്റെ ഹൃദയത്തെ ഒരു ദുഷ്കാര്യത്തിന ചായിക്കയില്ല" എന്നു പ്രാർത്ഥിച്ചവൻ മാനുഷീകപ്രകാരം നോക്കുന്ന പക്ഷം വലിയ ഗുണം സിദ്ധിപ്പാൻ മാർഗ്ഗം നേരിട്ട സമയത്തും ത

ന്റെ ഹൃദയത്തെ ദൈവത്തിങ്കലേക്കു ഉയൎത്തികൊണ്ടു അവന്റെ ഇഷ്ടപ്രകാരം മാത്രം പ്രവൃത്തിച്ചു. തന്റെ ശത്രുവെങ്കിലും യഹോവായുടെ അഭിഷക്തന്റെ നേരെ അവൻ തന്റെ കയ്യിനെ നീട്ടിയില്ല. ഇങ്ങനെ കയ്യിൽ കിട്ടിയ ശത്രുവിനെ വെറുതെ വിട്ടുകളകയും ചെയ്തു. പ്രതിക്രിയ ചെയ്വാൻ ഇപ്പോഴും തരം നോക്കികൊണ്ടിരിക്കുന്ന ക്രിസ്ത്യാനി നീ ദാവീദിനെ നോക്കീട്ടു നിന്റെ ഉദ്യമത്തിൽനിന്നു ഒരിക്കലും വിരമിച്ചുകളക. അതുമാത്രമല്ല അവനെ സ്നേഹിക്കയും ചെയ്ക. ശത്രുക്കളുടെ നിലമൊ പുരയിടമൊ വഞ്ചനയോടെ കൈക്കലാക്കികൊണ്ടു ഏലിയായിക്കു കാക്കയെകൊണ്ടു അപ്പവും ഇറച്ചിയും കൊടുപ്പിച്ചവൻ എനിക്കും ആവശ്യപ്പെട്ടതിനെ ഒരു മാൎഗ്ഗത്തിൽ തന്നു എന്നു വ്യാഖ്യാനം കൊടുക്കുന്ന ചില ശ്ലൂയോമയക്കാരെപോലെ വൻപുപറഞ്ഞു ജീവിക്കുന്നവനെ നിന്റെ പ്രവൃത്തി എത്ര വെറുക്കത്തക്കതു. ശത്രുക്കളെ സ്നേഹിപ്പിൻ എന്നുള്ള കൎത്താവിന്റെ കല്പന ഇപ്രകാരമുള്ളവരിൽനിന്നു എത്ര അകലപ്പെട്ടിരിക്കുന്നു.

൪. സ്തേപ്പാനോസു.

"കൎത്താവെ ഈ പാപം അവരുടെമേൽ നിറുത്തരുതെ" ഇതു ക്രിസ്തുസഭയിൽ ഒന്നാമത്തെ രക്തസാക്ഷിക്കാരനായ ഇദ്ദേഹം പ്രാൎത്ഥിച്ചിട്ടുള്ളതാകുന്നു. അന്യന്മാരിൽനിന്നും നേരിടുന്ന ഉപദ്രവങ്ങളെ എതിൎക്കുന്നതിനൊ പരിഹരിക്കുന്നതിനൊ അശേഷം മാൎഗ്ഗം ഇല്ലാതെയിരിക്കുന്ന അവസരങ്ങളിൽ ഭക്തന്മാരല്ലാത്ത ജനങ്ങൾ പോലും തങ്ങളുടെ ശക്തിക്കപ്പുറമായി പ്രതിക്രിയ ചെയ്വാൻ വല്ലഭനായ ദൈവത്തോടു ഹൃദയപൂൎവ്വം യാചിക്കുക എന്നുള്ളതു സൎവ്വസാധാരണയായ ഒരു സംഗതിയാണ, എന്നാൽ ഇവിടെ നേരെ മറിച്ചാണ കാണപ്പെടുന്നതു. സ്തെഫാനൊസിന്റെ പ്രസംഗം കേട്ടപ്പോൾ ജനങ്ങളുടെ ഹൃദയം കുത്തുകൊള്ളപ്പെട്ടു. ദ്രോഹികളും കുലപാതകരുമായവർ തങ്ങളുടെ അനീതികളെകുറിച്ചു അനുതപിക്കുന്നതിനു പകരമായി അവരുടെ നാശസ്ഥിതിയെ ചൂണ്ടികാണിച്ച പരിശുദ്ധനൊടു കൊടുംവൈരമാണ ഉണ്ടായതു. "അപ്പോൾ അവർ ഒരു മഹാ ശബ്ദത്തോടു നിലവിളിച്ചു തങ്ങളുടെ ചെവികളെ പൊത്തികൊണ്ടു ഏകമനസ്സോടെ അവന്റെമേൽ പാഞ്ഞുചെന്നു അവനെ കല്ലെറികയും ചെയ്തു. ഇപ്രകാരം കൊലക്കുറ്റം ചെയ്തുവൎക്കുവേണ്ടിയുള്ള തന്റെ അവസാന അപേക്ഷയാണ മേല്പറഞ്ഞതു. തനിക്കു നേരിട്ട അതികഠിനതരമായ പീഡയെ സംബന്ധിച്ചു വിലപിക്കയൊ സങ്കടപ്പെടുകയൊ ചെയ്യുന്നതിനു മാത്രം ശേഷിച്ചിരുന്ന അല്പസമയത്തു രക്തപാനപ്രിയരായ തന്റെ പ്രതിയോഗികൾക്കുവേണ്ടി അത്യന്ത സ്നേഹത്തോടും വാഞ്ഛയോടും പ്രാൎത്ഥിപ്പാൻ ചിലവിട്ട ഈ പുണ്യപുരുഷന്റെ ഹൃദയം തന്റെ

പ്രിയകൎത്താവിന്റെ കല്പനയെ പൂൎണ്ണമായി അനുസരിക്കതക്കവണ്ണം എത്ര നിഷ്കളങ്കമായതായിരുന്നു. വായനക്കാരാ നിനക്കു ഇതു അസാദ്ധ്യമായി തോന്നുന്നില്ലയൊ, ശരിവരെ അങ്ങിനെ തോന്നാം അതു അത്ര അതിശയോക്തിയല്ലാ. എന്നാൽ സ്തേഫാനോസിനെപ്പോലെ ശത്രുക്കളെ സ്നേഹിക്കുന്നതിനു നി ആഗ്രഹിക്കുന്നെങ്കിൽ ആയതിനു അദ്ദേഹത്തെ സഹായിച്ചിട്ടുള്ള വിശിഷ്ട ശക്തിയെയും അറിഞ്ഞുകൊൾക. എല്ലാറ്റെയും അസാധാരണയായി നിവൃത്തിക്കതക്കവണ്ണം പരിശുദ്ധാത്മാവു അവനിൽ പ്രവേശിച്ചിരുന്നു. പരിശുദ്ധാത്മാവു നമ്മിലും കടന്നു വസിക്കുന്നതിനു തടസ്സമില്ലാത്ത ഒരു അവസ്ഥയിൽ നാം ഇരിക്കുന്നെങ്കിൽ ഇതുപോലെ കൎത്താവിനു പ്രിയകരങ്ങളായ സ്വഭാവം നമ്മിലും വിളങ്ങുന്നതാണ.

പ്രിയരെ നാം ശത്രുക്കളായിരുന്നപ്പോൾതന്നെ ദൈവം നമ്മെ സ്നേഹിച്ചു. നമുക്കുവേണ്ടി യേശുമിശിഹാ തന്റെ ജീവനെ വച്ചയും ചെയ്തു. അവന്റെ കല്പനയെ നാം അനുസരിക്കേണ്ടതു നമ്മുടെ മുറയല്ലയൊ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്നുള്ളതു അവന്റെ കല്പന ആകുന്നു. ആകയാൽ നീ ബലിപീഠത്തിന്റെ അരികത്തേക്കു നിന്റെ വഴിപാടിനെ കൊണ്ടുവന്നു നിന്റെ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെ ഓൎക്കുന്നെങ്കിൽ ബലിപീഠത്തിനു മുൻപാകെ നിന്റെ വഴിപാടിനെ വച്ചാവെച്ചു പോയി മുമ്പെ നിന്റെ സഹോദരനോടു യോജ്യതപ്പെടുക. യഹൂദന്മാരും ശമറിയാക്കാരും തമ്മിൽ വ്യാപാരംപോലും പതിവില്ലാത്ത സ്ഥിതിക്കു ചോഷ്ടാക്കളുടെ ഇടയിൽ അകപ്പെട്ട യൂദന്റെയും അവനോടു കരുണ ചെയ്ത ശമറിയാക്കാരന്റെയും ഉപമ നമ്മുടെ കൎത്താവു പറഞ്ഞുതന്നിട്ടുള്ളതു നാം നമ്മുടെ ശത്രുക്കളോടും ദയയും സ്നേഹവും ഉള്ളവരായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അല്ലയോ 'പിതാവെ ഇവർ തങ്ങൾ ചെയ്യുന്നതു ഇന്നതെന്നു അറിയായ്കകൊണ്ടു അവരോടു ക്ഷമിച്ചുകൊള്ളണമെ" എന്നു ക്രൂശിന്മേലെ അതിവേദന സമയത്തും പരമദ്രോഹികളായ ശത്രുകൾക്കുവേണ്ടി കരുണയോടു പ്രാൎത്ഥിച്ച പ്രിയ നാഥന്റെ ദൃഷ്ടാന്തത്തെ നമുക്കും പിന്തുടരാം, അതിനു ഒരുമുള്ള എല്ലാ സഹോദരങ്ങളോടും അവസാനമായി പറഞ്ഞുകൊള്ളുന്നതു നിന്റെ ശത്രുവിനു വിശക്കുന്നെങ്കിൽ അവനു അപ്പം ഭക്ഷിപ്പാൻ കൊടുക്ക, അവനു ദാഹിക്കുന്നെങ്കിൽ അവനു വെള്ളം കുടിപ്പാൻ കൊടുക്ക. (റൂമാ. ൧൨. ൨൦)

ജി. യോസേഫ്.

---

## സുറിയാനിക്കാരും ഇംഗ്ലീഷ പഠിത്വവും.

മേൽ പറഞ്ഞ വിഷയത്തെ പററി മിസ്റ്റർ എം. പി. വക്കി കരിങ്ങാശ്ര പള്ളി സ്ക്കൂളിൽ വച്ചു വായിച്ചതായി പറയുന്ന പ്രസംഗവും "ഇംഗ്ലീഷ പഠിത്വം" എന്ന ടിയാൻെറ മറെറാരു ലേഖനവും ഇടവകപ്പത്രികയിൽ പ്രസിദ്ധപ്പെട്ടുത്തീട്ടുള്ളതു എല്ലാ സുറിയാനി പള്ളിക്കാരും കണ്ടിരിക്കുമല്ലൊ.

എന്നാൽ ഈ പ്രസംഗിയുടെ അഭിപ്രായം മുഴുവനും ശരിയാണെന്നൊ അതുകൾ എല്ലാം സുറിയാനി പള്ളിക്കാർ അംഗീകരിച്ചു പ്രവൃത്തിക്കേണ്ടതാണെന്നൊ ഇനിക്കു തോന്നുന്നില്ലാ. ദൈവഭക്തിയുള്ള നമ്മുടെ പിതാക്കന്മാർ സമ്പാദിച്ചിട്ടുള്ള പള്ളികളുടെ സ്വത്തുക്കൾ മുഖ്യമായി ഉപയോഗിക്കേണ്ടതു ഇംഗ്ലീഷ പഠിനത്തിനല്ലാ. അതിലധികം ആവശ്യവും ഉചിതവുമായ മററു വിഷയങ്ങൾക്കാണ വേണ്ടതു. എന്തിനെന്നു വച്ചാൽ, പള്ളി സ്വത്തുക്കളുടെ ആദായം കൊണ്ടു സുറിയാനിക്കുട്ടികളെ അവരുടെ വിശ്വാസാചാര ക്രമങ്ങൾ അഭ്യസിപ്പിക്കുക നമസ്കാരം പഠിപ്പിക്കുക. ശെമ്മാശന്മാരെ സുറിയാനി അഭ്യസിപ്പിക്കുക പുറജാതികളിൽ ക്രിസ്തുവിൻെറ സുവിശേഷം അറിയിക്കുക നമ്മുടെ വിശ്വാസാചാരങ്ങൾ അടങ്ങിയ മഹാ വിശേഷമായ സുറിയാനി ഗ്രന്ഥങ്ങളും അവയുടെ തർജ്ജമമുതലായതും അച്ചടിപ്പിക്കുക പള്ളിക്കു വേണ്ടിവരുന്ന സാമഗ്രഹികൾ ഉണ്ടാക്കിക്കുക ക്ദോസ്കൂദിശ മുതലായ ശുദ്ധസ്ഥലവും അതിനു വേണ്ടുന്ന ഉപകരണങ്ങളും ഉണ്ടാക്കിക്കുക, ജീർണ്ണപ്പെട്ട കെട്ടിടങ്ങൾ നന്നാക്കിക്കുക മാറി പണിയിപ്പിക്കുക മുതലായി പള്ളിക്കും സഭക്കും വേണ്ടുന്ന കാര്യാദികളെയും ആരും ഏതുംഇല്ലാത്ത ദരിദ്രന്മാരെ സഹായിക്കുന്നതിനും മററും വേണ്ടീട്ടാണ നമ്മുടെ പിതാക്കന്മാരും നമ്മളും പള്ളിക്കു സ്വത്ത സമ്പാദിച്ചിട്ടുള്ളതു. ഇപ്രകാരം പള്ളിക്കും സഭയുടെ വിശ്വാസ സ്ഥിരതക്കും മററും വേണ്ടിവരുന്ന ചിലവുകൾ ചെയ്തു ബാക്കിയുണ്ടാകുന്ന സ്വത്തുക്കൾ (ആദായം)കൊണ്ടു ഇംഗ്ലീഷ, പോരങ്കിൽ മററു ഭാഷകൾ കൈത്തൊഴിൽശാലകൾ മുതലായതുകൾക്കു ചിലവിടുന്നതിനു വിരൊധമില്ലാ. കരിങ്ങാശ്ര പള്ളിക്കാര തന്നെ ഇപ്പൊൾ ഒരു സ്ക്കൂൾ മൂന്നു നാലായിരം രൂപാ ചിലവിട്ടു പണിയിക്കുകയും ഇംഗ്ലീഷ പഠിനം കുറെശെ തുടങ്ങുകയും ചെയ്തിട്ടുണ്ടല്ലൊ. എന്നാൽ ആ പള്ളിക്കാർക്കു തല്ക്കാലം ഇതിലും അത്യാവശ്യമായ പല സംഗതിയും ചെയ്യേണ്ടുന്നതുണ്ടായിരുന്നു എന്തെന്നു വച്ചാൽ പള്ളിചെറിയതും ഇടവകജനങ്ങൾക്കു പോലും ഞായറാഴ്ചക്കൂടിയും പള്ളിക്കകത്ത നില്പാൻ സ്ഥലം മതിയാകാത്തതും ദുഃഖവെള്ളിയാഴ്ച മുതലായ ദിവസങ്ങളിൽ പുറത്ത വരാന്തയിലും മിററങ്ങളിലും നിന്നു കമ്പിടേണ്ടതും ആയ സ്ഥിതിക്ക പള്ളി വലിയതാക്കി പണിയിക്കേണ്ടതായിരുന്നു ഇതിനും പുറമെ ശ്മശാനസ്ഥലം ഏററവും ചെറിയതാകകൊണ്ടു ഓരൊ ശവങ്ങൾ ദഹിക്കുന്നതിനു മുമ്പ്യ മറെറാരു ശവവും കൂടി അടക്കം ചെയ്യേണ്ടതായിവരുന്നതിനാൽ ഒരു വലുതായ ശ്മശാനസ്ഥലം ഉണ്ടാക്കേണ്ടതു അത്യാവശ്യമായിരുന്നു. പട്ടക്കാർക്കു താമസിപ്പാനും പള്ളിവക ശീലവെഞ്ചനാദികൾ വെക്കുന്നതിനും നെല്ല, പണം സൂക്ഷിക്കുന്നതിന്നായും മററും പത്തു പന്തീരായിരം രൂപാ ചിലവു ചെയ്തു പൂർവ്വീകന്മാർ പണിയിച്ചിരിക്കുന്ന കെട്ടിടം ചോർച്ചഭവിച്ചു കേടു വന്നുതുടങ്ങിയിട്ടിനാൽ ആയതു ജീർണ്ണോദ്ധാരണം ചെയ്യിക്കെണ്ടതായിരുന്നു. ഇതു പോലെ മററു പല സംഗതികളും പ്രവൃത്തിപ്പാനുള്ളപ്പൊൾ അതുകൾക്കൊന്നും മനസ്സു വെക്കാതെ രണ്ടു മൂവായിരം രൂപാ കടം വാങ്ങി സ്ക്കൂൾകെട്ടിടം പണികഴിപ്പിച്ചതു എത്രത്തോളം ശ്ലാഘനീയമായിട്ടുണ്ടെന്നു വായനക്കാർ വിധിക്കട്ടെ. പോരങ്കിൽ മുക്കാൽ നാഴികക്കു സമീപമുള്ള തൃപ്പൂണിത്തുറ പട്ടണത്തിൽ വളരെ യോഗ്യതയോടു കൂടി നാലാം ഫാറം വരെ നടക്കുന്ന ഒരു ഇംഗ്ലീഷ സ്ക്കൂൾ ഉണ്ടുതാനും. ഇങ്ങിനെ അത്യാവശ്യമായ പല ആവശ്യങ്ങളും കരിങ്ങാശ്ര പള്ളിക്കാർ ഇരിക്കവെ, ബാ

ൾ അതെല്ലാം കണ്ണടച്ചുംവച്ചു ഒരു സ്ക്രൂൾ പണിയിച്ചത ഉചിതമായി എന്നും എല്ലാ സുറിയാനി പള്ളിക്കാരും ഇപ്രകാരം ഇംഗ്ലീഷ സ്ക്രൂൾ പണിയിക്കെണ്ടതാണെന്നും മറ്റും നമ്മുടെ പ്രസംഗി പ്രസംഗിച്ചതു വളരെ ഭേഷ തന്നെ.

യോഗ്യനായ ഈ പ്രസംഗിക്കു ഇതിന്നും പുറമെ ചില പള്ളിക്കാർ 'ക്ദോസ്സാദിശ' മുതലായ്ക്കു പണിയിക്കുന്നതു ഒട്ടും രസിച്ചിട്ടില്ലത്രെ, പള്ളി തന്നെ വേണ്ടന്നു പറയാത്തതു ഭാഗ്യം പിന്നത്തെ സങ്കടം പതിനായിരം രൂപാ ചിലവിട്ടു മുറിപണിയിപ്പിക്കുന്നതാണത്രെ, പത്രാധിപരെ അതിന്നു സങ്കടപ്പെടേണ്ടതുതന്നെയാണു എന്താണന്നല്ലെ. പതിനായിരം ഉറപ്പിക്കുക്കു സ്വത്തുള്ള പള്ളിക്കാര പതിനായിരവുംകൊണ്ടു മുറി പണിയിക്കണമെങ്കിൽ സ്വത്തെല്ലാം വില്ക്കാതെ നിവൃത്തിയില്ലല്ലൊ. അങ്ങിനെ സ്വത്തെല്ലാം വില്ക്കുമ്പൊൾ കുമ്പാന ചൊല്ലാനുംകൂടി നിവൃത്തിയില്ലാതെ വരും അങ്ങിനെ വരുന്നത സങ്കടംതന്നെയല്ലെ അതുകൊണ്ടു സ്വത്തു മുഴുവനും വിറ്റു മുറി പണിയിപ്പിക്കുന്ന പള്ളിക്കാരുണ്ടെങ്കിൽ അങ്ങിനെ ചെയ്യരുതെന്നു പത്രാധിപരവർകളെ താങ്കളും ഒന്നു ഗുണദോഷം പറയേണ്ടതാണു.

അയ്യയൊ സുറിയാനി മഹജനങ്ങളെ നമ്മുടെ പൂർവീകന്മാർ സമ്പാദിച്ചിട്ടുള്ള പള്ളി സ്വത്തുക്കൾ കൊണ്ടു യഹോവായുടെ ഭവനത്തെ നിങ്ങൾ അലങ്കരിപ്പിൻ. നമ്മുടെ കുഞ്ഞുങ്ങളെ നമ്മുടെ വിശ്വാസക്രമം പഠിപ്പിക്കിൻ, അവർ വഴിതെറ്റാതിരിക്കട്ടെ. ഇഹലോകവും അതിലുള്ള വാഴ്ചയും നശിക്കും. സ്വർഗ്ഗീയ ഊർശ്ലേമിലേക്കുള്ള വഴിയെ ഒരുക്കുവിൻ. അവിടത്തെ രാജധാനിയിൽ ഉള്ള ഉദ്യോഗങ്ങൾക്കായി ആദ്യമായി ശ്രമിപ്പിൻ. അതുകൊണ്ടു നമ്മുടെ മക്കളെ നമ്മുടെ കാനൊനായികടുത്ത വിശുദ്ധ വിധികളെ മനസിലാക്കുവിൻ. രണ്ടുനേരത്തെ എങ്കിലും നമസ്കാരം ആദ്യമായി പഠിപ്പിപ്പിൻ. വെള്ളിയും, ബുധനും, മറ്റുള്ള നോമ്പുദിവസങ്ങളിലും വിലക്കപ്പെട്ട സാധനങ്ങളെ ഭക്ഷിച്ചാൽ പാപം ഉണ്ടെന്നു പഠിപ്പിക്കുവിൻ. ഇപ്രകാരം ആത്മാവിന്നു വേണ്ടതായ പല സംഗതികളെയും ശിശുപ്രായത്തിൽ തന്നെ കുട്ടികളെ അഭ്യസിപ്പിക്കുവാൻ നോക്കുവിൻ. അതിന്നു വേണ്ടി പള്ളികൾ തോറ്റും സ്ക്രൂളും വാദ്ധ്യാന്മാരെയും നിശ്ചയിപ്പിൻ. പള്ളിവക സ്വത്തും അതിന്നു വേണ്ടി ചിലവു ചെയ്യിൻ. സ്തുതി ചൊവ്വാകപ്പെട്ട നമ്മുടെ വിശ്വാസത്തിന്റെ തത്വം ഇന്നതെന്നു അറിയാതെ ആളുകൾ തെറ്റി തുടങ്ങുന്നു. നമുക്കു വൈദീകന്മാരാകാൻപോകുന്നവരെ പഠിപ്പിക്കുന്നതിലും ചിലവു ചെയ്യിൻ. നമ്മുടെ സഭാ ചട്ടങ്ങളുടെ കാതൽ അവർ ഗ്രഹിച്ചിരുന്നെങ്കിലെ നമ്മെ പഠിപ്പിക്കാനും ഓർമ്മപ്പെടുത്താനും കഴികയുള്ളു. പള്ളിസ്വത്തിൽനിന്നും ഒരോഹരി നമ്മുടെ പട്ടക്കാർക്കു ശമ്പളം കൊടുക്കുന്നതിനായി നിങ്ങൾ കൂട്ടം കൂടി ആലോചിച്ചു തീർച്ചപ്പെടുത്തി അവരെ ഉത്സാഹമുള്ളവരാക്കുവിൻ. ഇപ്രകാരം ദൈവീക കാര്യങ്ങൾക്കായി പള്ളിമുതൽ ചിലവുചെയ്തു ബാക്കിയുള്ളതുകൊണ്ടു ഇംഗ്ലീഷ വിദ്യാഭ്യാസത്തിന്നായി ചിലവു ചെയ്യിൻ. ഒരുത്തൻ ലോകം മുഴുവനും നേടിയാലും തന്റെ ആത്മാവു നഷ്ടപ്പെടുത്തുന്നു എങ്കിൽ എന്തു പ്രയൊജനമുള്ളു എന്നു കർത്താവു കല്പിച്ചതുപോലെ "ഇംഗ്ലീഷും ഗ്രീക്കും വച്ചെ എൽ- എൽ- ഡി-യൊ മറ്റൊരു ഡിയൊ പഠിച്ചു വന്നുംവച്ചു സുറിയാനിക്കാരുടെ യാതൊരു മതാചാരവും അറിയാഞ്ഞാൽ സുറിയാനിസഭക്കു എന്താണു മാനം. അതുകൊണ്ടു സഹോദരന്മാരെ വല്ല പ്രസംഗവും യുക്തിയും മറ്റും കേട്ടു എടുത്തുചാടാതെ കുട്ടികളെ അടിസ്ഥാനം ഇട്ടു ഉറപ്പിച്ചുംകൊണ്ടു ഇംഗ്ലീഷപഠിപ്പിക്കുവാൻ അയപ്പിൻ. അടിസ്ഥാനം ഇല്ലാഞ്ഞാൽ സുറിയാനിസഭ നാമമാത്രമായി തീരുന്നതാണെന്നുമാത്രം പറഞ്ഞുംകൊണ്ടു അവസാനിപ്പിക്കുന്നു. എന്നു ഒരുസുറിയാനിക്കാരൻ.

---

ഇംഗ്ലീഷപഠിപ്പിക്കണമെന്നു ആവശ്യപ്പെട്ടപ്രസംഗി ആത്മീയവിദ്യാഭ്യാസം മുതലായവ വേണ്ടന്നുഉദ്ദേശിച്ചിട്ടില്ല. ലൌകികങ്ങളും ആത്മീയങ്ങളുമായ വിഷയങ്ങൾ അഭ്യസിപ്പിക്കാനാണ പള്ളിക്കൂടങ്ങളുടെആവശ്യം പ്രതിപാദിക്കുന്നതു. മ.ഇ.പ.പ.

ടെ ജനങ്ങൾക്കു പല പ്രയോജനങ്ങൾ ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. ഇതിനെ തുടർന്നു് എനിക്കു ചിലതു പറയാനുള്ളതു അടുത്ത ലക്കത്തിലാവാം.

“എല്ലാ മതങ്ങളുടെയും സത്തു ഒന്നു തന്നെയെന്നു പലരും ഊഹിക്കുന്നതായി നാം കാണുന്നു. എല്ലാമതങ്ങളും ദൈവത്തിന്റെ പിതൃത്വത്തേയും മനുഷ്യജാതിയുടെ സഹോദരത്വത്തേയും പഠിപ്പിക്കുന്നു എന്നും വിശുദ്ധിയാണു മനുഷ്യന്റെ പരമോദ്ദേശമെന്നും പാപം നിഷിദ്ധമെന്നും എല്ലാ മതങ്ങളും വിധിച്ചിരിക്കുന്നു എന്നും മനുഷ്യർ പരസ്പരം സ്നേഹിക്കണമെന്നു എല്ലാ മതങ്ങളും പഠിപ്പിക്കുന്നു എന്നും മറ്റും പല ലേഖകന്മാരും കൂടെക്കൂടെ ഞങ്ങൾക്കു എഴുതിഅയക്കാറുണ്ടു. വാസ്തവം ഇങ്ങനെയിരിക്കെ, നമ്മുടെ സമീപവാസികൾ വിശ്വസിക്കുന്ന ആ മതത്തെക്കുറിച്ചു എന്തിനു തലകീറുന്നു? മനുഷ്യർ ദൈവത്തെ കണ്ടെത്തുന്ന പല വഴികളിൽ ഒന്നല്ലെ അവരുടെ മതവും?

ഈ തരത്തിലുള്ള വാദം പ്രഥമദൃഷ്ടിയിൽ ന്യായമെന്നു തോന്നിയേക്കാം. ഗാഢമായ ആലോചന കുറഞ്ഞിരിക്കുന്ന ഇക്കാലത്തു ഈ തരം വാദത്തെ താങ്ങാൻ പലരും ഉണ്ടു. നാണയങ്ങളെപ്പോലെ വാക്കുകൾ ആരു ഉച്ചരിച്ചാലും ഒരേ അർത്ഥം തന്നെ വരുമെങ്കിൽ ഈ തരം വാദങ്ങൾക്കു അല്പമെങ്കിലും വിലയുണ്ടായേനെ. ദൃഷ്ടാന്തം—വിശുദ്ധി എന്ന വാക്കു കൊണ്ടു ഒരാൾ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ തന്നെ മറ്റാളുകളും ഉപയോഗിക്കയാണെങ്കിൽ സംഗതികൾക്കു ലാഘവം ഉണ്ടാകുമായിരുന്നു. ഒരു ഉറുപ്പികയ്ക്കു പതിനാറണയെന്നു ഗവന്മെണ്ടു നിശ്ചയിച്ചിരിക്കുന്ന പോലെ വാക്കുകളുടെ അർത്ഥത്തിനും അഭേദമായ ഒരു വ്യവസ്ഥയുണ്ടായിരുന്നെങ്കിൽ മേൽ പറഞ്ഞവിധത്തിലുള്ള വാദം അല്പമെങ്കിലും പ്രയോജനകരമായിരുന്നേനെ. എന്നാൽ ഇതു സാദ്ധ്യമൊ ആഗ്രഹണീയമോ അല്ല. എല്ലാ മതങ്ങളുടേയും പരമോദ്ദേശ്യം വിശുദ്ധിയാണെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുകൊണ്ടു നമ്മുടെ വാദവിഷയം, വിശുദ്ധി എന്നുവച്ചാൽ എന്താണെന്നും നാം അന്വേഷിക്കുന്നതു ഏതുതരം നന്മയെ ആണെന്നും നാം ഒഴിഞ്ഞു നില്ക്കേണ്ടതു ഏതുതരം പാപത്തിൽ നിന്നാണെന്നും ആകുന്നു.

വിശുദ്ധിയെപ്പറ്റി മനുഷ്യനു കൂടക്കൂടെ തെറ്റായ ധാരണ ഉണ്ടാകുന്നു. ഇതിനെ മനസ്സിലാക്കികൊടുക്കേണ്ട ഭാരം നമുക്കുണ്ടു. ഒരു ഗുരുവിന്റെ നിലയിൽ നമ്മുടെ കർത്താവായ യേശുക്രിസ്തു ചെയ്ത മുഖ്യവേലകളിൽ ഒന്നു ഇതായിരുന്നു. പ്രയാസമുള്ളതിനെ ഉപേക്ഷിച്ചും എളുപ്പമായതിനെ സ്വീകരിക്കുന്നതിനു മനുഷ്യനു പ്രകൃത്യാ ഒരുവാസനയുണ്ടു. നിത്യരക്ഷയെ സ്വീകരിച്ചവരിൽ മുമ്പന്മാരായ യഹൂദന്മാർ ഇതിനൊരു വ്യത്യാസം ആയിരുന്നില്ല. നേരെ മറിച്ചു, മേൽപറഞ്ഞ വാസനയ്ക്കു അവർ ഉത്തമ ദൃഷ്ടാന്തക്കാരായിരുന്നു. കർത്താവു യഥാർത്ഥ വിശുദ്ധി എന്താണെന്നു മനുഷ്യരെ പഠിപ്പിക്കുന്നതിനായി കപടവിശുദ്ധിയെ നശിപ്പിക്കുന്നതിനായി നാം സുവിശേഷത്തിൽ കാണുന്നു. എന്തുകൊണ്ടെന്നാൽ കപടവിശുദ്ധി നിഷ്പ്രയാസം സാധിക്കാം. യഥാർത്ഥ വിശുദ്ധി ഉണ്ടാകുന്നതിനാണു പ്രയാസം.

എന്നാൽ വിശുദ്ധൻ എന്നു വച്ചാൽ ആരു? വിശുദ്ധൻ എന്നു വച്ചാൽ യോഗ്യന്മാരായ ചുരുക്കം ചിലരുടെ ഇടയിൽ പെരുമാറുന്ന ഒരാൾ എന്നു യഹൂദന്മാർ വിശ്വസിച്ചുപോന്നു. വിശുദ്ധിയുടെ പ്രധാനതത്വം മറ്റുള്ളവരിൽനിന്നു ഒഴിഞ്ഞു നില്ക്കുന്നതാണെങ്കിൽ, തന്നെക്കാൾ വിശുദ്ധി കുറഞ്ഞവരെന്നു തോന്നുന്ന സകല ആളുകളിൽനിന്നും ഒരു യഹൂദൻ വിട്ടുമാറി നില്ക്കുന്നതാണു. “ദൂരെ നില്ക്കു എന്തുകൊണ്ടെന്നാൽ ഞാൻ നിന്നെക്കാൾ വിശുദ്ധനാകുന്നു” എന്നാണു അവന്റെ ജീവിത പ്രമാണങ്ങളിൽ മുഖ്യമായ ഒന്നു. എന്നാൽ യഹൂദന്മാരാൽ നിന്ദിക്കപ്പെട്ടവരുടെ ഇടയിൽ സഹവസിച്ചും അവരിൽ ഒരുത്തന്റെ കൂടെ ഇരുന്നു ഭക്ഷിച്ചും നമ്മുടെ

കർത്താവു ഈ "വിശുദ്ധന്മാരെ" പരിഭ്രമിപ്പിച്ചു. "അവൻ ചുങ്കക്കാരുടെയും പാപികളുടെയും ഒന്നിച്ചിരുന്നു ഭക്ഷിക്കുന്നതു എന്തുകൊണ്ടു?" എന്നു അവർ വിസ്മയാകുലന്മാരായി ചോദിക്കുന്നു. ഈ വർഗ്ഗക്കാരോടു വർത്തമാനം പറയുകയൊ അവരെ തൊടുകയൊ ചെയ്യുന്നതുതന്നെ മോശമാണ്. എന്നാൽ അവരോടു കൂടി ഭക്ഷിക്കുന്നതൊ? ഇതിലധികമായ ഒരു അശുദ്ധ പ്രവൃത്തി മറ്റെന്താണുള്ളതു്? ഇപ്രകാരം ചെയ്യുന്ന ഒരാൾ വിശുദ്ധനായിരിക്കാൻ നിവൃത്തിയില്ല. "ഇവൻ ഒരു പ്രവാചകൻ ആയിരുന്നു എങ്കിൽ, അവനെ തൊടുന്ന സ്ത്രീ ഏതെന്നും അവൾ ഏതു തരക്കാരത്തിയാണെന്നും ഇവൻ അറിയുമായിരുന്നു. എന്തുകൊണ്ടെന്നാൽ അവൾ പാപിയാകുന്നുവല്ലൊ" എന്നു അവരിൽ ഒരാൾ പറയുന്നു.

നമ്മുടെ കർത്താവു തകർത്തുകളഞ്ഞ വിശുദ്ധിയെക്കുറിച്ചുള്ള ഒരു തെറ്റായ ധാരണ ഇതാണ്. നാം മറ്റുള്ളവരിൽനിന്നു ഒഴിഞ്ഞു നില്ക്കുകയും അവരെ നിന്ദയോടെ വിചാരിക്കുകയും ചെയ്യുന്നു എങ്കിൽ നാം വിശുദ്ധന്മാരല്ല. യഥാർത്ഥ വിശുദ്ധിയുടെ ഏതെങ്കിലും ലക്ഷണം നമ്മിൽ ഉണ്ടെങ്കിൽ നാം താണവരോടൊന്നിച്ചു പെരുമാറി അവരെ സഹോദരന്മാരെപ്പോലെ വിചാരിച്ചു അവർക്കു കഴിയുന്ന സഹായമെല്ലാം ചെയ്തുകൊടുക്കുന്നതാണ്.

എന്നാൽ ഒരു വിശുദ്ധനു മറ്റു വ്യക്തമായ ലക്ഷണങ്ങൾ ഉണ്ടെന്നു യഹൂദന്മാർ കരുതിയിരുന്നു. അവന്റെ വിശുദ്ധി അവന്റെ ഉപവാസത്തിന്റെ സംഖ്യയേയും കാഠിന്യത്തേയും ആശ്രയിച്ചിരുന്നു എന്നും അവർ വിശ്വസിച്ചുപോന്നു. ഈ ആചാരം നമ്മുടെ കർത്താവിനും ശിഷ്യന്മാർക്കും ഉണ്ടൊ എന്നു അറിയുന്നതിനു അവർ സൂക്ഷിച്ചുകൊണ്ടിരുന്നു; എങ്കിലും അവരിൽ ഇതൊന്നും കണ്ടില്ല. ഒരു നുണ പറയുന്നതിനു അതിശക്തിയായ ആഗ്രഹം ഉണ്ടാകുമ്പൊൾ സത്യം പറയുന്നതിനെക്കാൾ എത്രയൊ എളുപ്പമാണു ഉപവസിക്കുന്നതു എന്നു നമുക്കു അറിയാം. നമ്മെ ഉപദ്രവിച്ച ഒരാളോടു ക്ഷമിക്കുന്നതിനെക്കാൾ എത്രയൊ എളുപ്പമാണ് ഭക്ഷിക്കാതിരിക്കുന്നതു. ഈ കാരണങ്ങളാൽ ഉപവാസം വിശുദ്ധിയുടെ ഒരു അടയാളമായി മനുഷ്യർ കരുതിപ്പോന്നു. ഒരാൾ ക്ഷീണിച്ചൊ, കഠിനവ്രതത്തിന്റെ ലക്ഷണം മുഖത്തു പ്രതിബിംബിച്ചൊ, ദേഹമെല്ലാം ഭസ്മം തേച്ചൊ, അതാതു രാജ്യത്തെ ആചാരപ്രകാരം മറ്റെന്തെങ്കിലും ആചാരം അനുഷ്ഠിച്ചൊ നടക്കുകയാണെങ്കിൽ അയാൾ ഒരു വിശുദ്ധനാണെന്നു ആളുകൾ വിശ്വസിക്കുന്നു. ഉപവാസം നിഷിദ്ധമെന്നു നമ്മുടെ കർത്താവു പ്രസംഗിച്ചില്ല. നേരെമറിച്ചു, അതൊരു ക്രിസ്ത്യാനിയുടെ മുറയെന്നു താൻ പഠിപ്പിച്ചു. "നിങ്ങൾ ആ ദിവസങ്ങളിൽ ഉപവസിക്കണം" എന്നു അവൻ കല്പിച്ചു. എന്നാൽ ഉപവസിക്കുകയെന്ന ആ പ്രവൃത്തി മാത്രം കൊണ്ടു ഒരുത്തൻ വിശുദ്ധനാകുമെന്നുണ്ടായിരുന്ന വിചാരത്തെ നമ്മുടെ കർത്താവു ദൂരത്താക്കി. ഉപവാസംകൊണ്ടു മാത്രം യാതൊരു പ്രയോജനവുമില്ല. അതിനെ പ്രേരിപ്പിക്കുന്ന ആന്തരമായ ഉദ്ദേശം നിമിത്തമാണു അതു ആത്മീയമായ ഒരു പുണ്യപ്രവൃത്തിയായിത്തീരുന്നതു. താൻ ഉപവസിക്കുന്നു എന്നു മനുഷ്യരെ കാണിക്കുന്നതിനും ഈ വിധത്തിൽ താൻ ഒരു വിശുദ്ധനെന്നുള്ള പേരു അവരുടെ ഇടയിൽ ഉണ്ടാക്കുന്നതിനും ആയി ഒരുത്തൻ ഉപവസിക്കുന്നു എങ്കിൽ അവനു തക്കതായ ശിക്ഷ കിട്ടാതിരിക്കയില്ല. പാപബോധത്താൽ ഉള്ള ദുഃഖത്തിന്റെ ചിഹ്നമായും ആത്മസംയമനം ശീലിക്കുന്നതിനായും ദരിദ്രനായ സമീപവാസിയെ അധികമായി സഹായിക്കുന്നതിനായും നാം ഉപവസിക്കുന്നു എങ്കിൽ ആ തരത്തിലുള്ള ഉപവാസം യഥാർത്ഥ വിശുദ്ധിയിലേക്കു അടുക്കുന്നതിനു ഒരു പടിയായിത്തീരുന്നതാണ്.

ഹൃദയ വിശുദ്ധി ഉണ്ടാകാൻ പ്രയാസമുണ്ടു. പുറമെയുള്ള ആചാരങ്ങൾക്കു വലിയ പ്രയാസമൊന്നുമില്ല. അതുകൊണ്ടു എളുപ്പമായതിനെ ചെയ്യുന്നതിനു ആഗ്രഹിക്കുന്ന മനുഷ്യർ വിശുദ്ധിയെന്നതു ബാഹ്യമായ ചില ആചാരമാണെന്നു ആ

ക്കിവെക്കുന്നതിൽ ആശ്ചൎയ്യപ്പെടാനില്ല. യഹൂദന്മാരിൽനിന്ന വേറൊരു ഉദാഹരണം എടുക്കാം. സ്വസ്ഥതക്കും ദൈവാരാധനക്കും ആയി പ്രത്യേകം ഒഴിച്ചുവച്ചിട്ടുള്ള ഒരു ദിവസമാണല്ലൊ ശാബത. അതു ദൈവമഹത്വത്തിന്നും മനുഷ്യരുടെ നന്മക്കും ആയി നിശ്ചയിച്ചിട്ടുള്ളതാണ്. "ശാബത ദിവസത്തെ വിശുദ്ധമായി വയ്ക്കുന്നതിന്ന കരുതികൊൾക. ആറു ദിവസം നിങ്ങൾ പ്രയത്നിക്കുകയും നിങ്ങൾക്കു ചെയ്യാനുള്ളതെല്ലാം നടത്തുകയും ചെയ്ക. എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ യഹോവായുടെ ശാബതയാകുന്നു. ആ ദിവസം നീ യാതൊരു വിധം വേലയും ചെയ്യരുതു" ഈ വാക്കുകൾ തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിന്ന നല്ല തരമായിട്ടുള്ളതെന്ന യഹൂദന്മാർ കരുതി. ഏഴാം ദിവസം യാതൊരു വേലയും ചെയ്യാതിരിക്കുന്നതാണ വിശുദ്ധി എന്ന അവർ തീൎച്ചയാക്കി. ഇതു ഉപവാസത്തെക്കാൾ എളുപ്പമായിരുന്നു. ആ ദിവസം എത്രത്തോളം മടിയനായി ഒരാൾ ഇരിക്കുന്നുവൊ അയാൾ അത്രക്കു വിശുദ്ധനായിത്തീരും. ദേഹശുചി വളരെ അത്യാവശ്യപ്പെട്ടതാണല്ലൊ. പാചകവൃത്തിയിലും ധാരാളം ശുചി കൂടാതെ കഴികയില്ല. എന്നാൽ യഹൂദന്മാർ ഇതിലും അതിരു കടന്നുപോയി. ഭക്ഷിക്കുന്നതിന്നും ഭക്ഷണം പാകം ചെയ്യുന്നതിന്നും മുമ്പു കളിച്ചു ശുദ്ധി വരുത്താഞ്ഞാൽ അതു വിശുദ്ധിക്കു ബാധകമാണെന്ന അവർ നിഷ്കൎഷിച്ചു. എന്നാൽ ഇങ്ങനെ അപ്രധാന സംഗതികൾക്കു അമിതമായ പ്രാധാന്യം കല്പിച്ചുതൊട്ടു കൂടി യഥാൎത്ഥ വിശുദ്ധിയെ സംബന്ധിക്കുന്ന സംഗതികളെ അവർ അധഃകരിച്ചു എന്നും സ്പഷ്ടമാണ. കൈകാൽ കഴുകി ശുദ്ധിവരുത്തുന്നതു എളുപ്പമാണ. എന്നാൽ ദുഷ്ടവിചാരങ്ങളെ അടക്കുന്നതിന്ന വളരെ പ്രയാസമുണ്ടു. നമ്മെക്കാൾ താണവരെന്ന നാം വിചാരിക്കുന്നവർ തെയ്യാറാക്കിയ ഭക്ഷണം കഴിക്കയില്ലെന്ന പറയുന്നതിന പ്രയാസമൊന്നുമില്ല. എന്നാൽ മറ്റൊരുത്തന്റെ [illegible] മനസ്സിന്നും സുഖത്തിന്നും വിപരീതമായി പ്രവൎത്തിക്കുകയെന്നതു തീരെ പ്രയാസമാകുന്നു. ഭക്ഷണത്തിൽ മേൽ പറഞ്ഞവിധം വ്യത്യാസം ചെയ്യുന്നതിന്ന എളുപ്പമാണ. എന്നാൽ ഏതെങ്കിലും ഒരു സംഗതി എത്രത്തോളം വാസ്തവം ആണെന്ന മനസ്സിലാക്കാൻ പ്രയാസമാകുന്നു. അതുകൊണ്ടു നാം പ്രാപിക്കേണ്ടതായി കപടവിശുദ്ധിയെ കാണിച്ചുതരുമ്പോൾ നാം അതിനെ സസന്തോഷം ആദരിക്കുന്നു. എന്നാൽ അനുഭവം ഇതാകുന്നു—നിങ്ങൾ നികുതി മുതലായവ കൊടുക്കുന്നതിൽ താല്പൎയ്യമുള്ളവരാകുന്നു. എന്നാൽ "ന്യായപ്രമാണത്തേയും വിധിയേയും കരുണയേയും വിശ്വാസത്തെയും സംബന്ധിക്കുന്ന അധികം പ്രധാന സംഗതികളെ ചെയ്യുന്നതിന്ന നിങ്ങൾ ഉപേക്ഷക്കാരായിരിക്കുന്നു".

ഈ കപട വിശുദ്ധിയെ പാടെ നശിപ്പിക്കണമെന്നുള്ളതു നമ്മുടെ കൎത്താവിന്റെ ഉദ്ദേശത്തിൽ ഒന്നായിരുന്നു എന്ന മേൽ പറഞ്ഞുവല്ലൊ. എന്നാൽ ഈ കൃത്യം നിമിത്തം താൻ വലിയ നിന്ദാപാത്രമായിത്തീൎന്നു. തങ്ങളുടെ വിശുദ്ധിയിൽ നിഗളിച്ചുകൊണ്ടിരുന്നവർ, തങ്ങളുടെ വിശുദ്ധി കപടമാണെന്ന സമ്മതിക്കുവാൻ പ്രയാസമാണല്ലൊ. ക്രിസ്തീയോപദേശം കപട വിശുദ്ധിയുമായി കൂട്ടിമുട്ടുമ്പോൾ ഇതുതന്നെയാണ അനുഭവം. ക്രിസ്തീയോപദേശം ഈ കപട വിശുദ്ധന്മാരാൽ ആദരണീയമായിരിക്കയില്ല. ഗംഗയിൽ കുളിക്കുന്നതു ഹൃദയവെടിപ്പോടെ ഇരിക്കുന്നതിൽ എളുപ്പമാണ്. പൂരിയിലേക്കൊ കാളിഘട്ടത്തിലേക്കൊ തീൎത്ഥയാത്രയായി പോകുന്നതു, വിനയത്തോടും ശുദ്ധിയോടും ജീവിക്കുന്നതിനെക്കാൾ എളുപ്പമാണ്. കാശിയിലൊ മക്കത്തൊ വച്ചു മരിക്കുന്നതു യഥാൎത്ഥ വിശുദ്ധിയോടെ ജീവിതത്തെ നയിക്കുന്നതിൽ എളുപ്പമാണ്.

കപടവിശുദ്ധി കപടമാണെന്ന സ്ഥാപിക്ക മാത്രമല്ല നമ്മുടെ കൎത്താവു ചെയ്തതു്. താൻ തന്റെ വാക്കു കൊണ്ടും പ്രവൃത്തികൊണ്ടും യഥാൎത്ഥ വിശുദ്ധിയായ കൊടിയെ ഉയൎത്തി. വിശുദ്ധിയെക്കുറിച്ചുള്ള തന്റെ പ്രമാണം വളരെ ഉയൎന്നതാ

യിരുന്നു. അതിനു മുമ്പു മനുഷ്യർ നീതിയെ അത്ര ഉയർത്തി വച്ചിരുന്നില്ല. താൻ ആവശ്യപ്പെട്ടതു സന്മാർഗ്ഗ വിശേഷത്തെയല്ല, ആത്മീയ വിശേഷത്തെയായിരുന്നു. പർവ്വതപ്രസംഗത്തെ വായിച്ചു നോക്കുവിൻ. താൻ വിശുദ്ധിയെ ഹിമാലയ പർവ്വതത്തിന്റെ കൊടുമുടിയിലുള്ള നിഷ്കന്മഷമായ മഞ്ഞിനെപ്പോലെ ഉയർത്തി വച്ചിരിക്കുന്നു". ഈ വിധത്തിലുള്ള വിശുദ്ധിയും പൂർണ്ണതയും ആയിരിക്കണം നമ്മുടെ പരമോദ്ദേശം എന്നു കർത്താവു ആജ്ഞാപിച്ചിരിക്കുന്നതിൽ, ഒരു ഏക സംഗതി നിമിത്തമല്ലെങ്കിൽ നമ്മെ അധൈര്യപ്പെടുത്തുന്നതിനു മാത്രം അതു ഉതകുമായിരുന്നു. ക്രിസ്ത്യാനി മതത്തിന്റെ സാരതത്വം അതിന്റെ സ്വർഗ്ഗീയമായ വിശേഷമല്ല. പിന്നെയൊ നാം എല്ലാവരും നയിക്കേണ്ടതായ ജീവിതക്രമമാകുന്നു. ഈ ജീവിതക്രമത്താൽ യഥാർത്ഥവിശുദ്ധിയിൽ ക്രമേണ വളർന്നു വരുന്നതിനു മനുഷ്യർക്കു ശക്തി ലഭിക്കുന്നു. ദൈവപുത്രന്റെ അവതാരത്തിന്റെ പ്രധാനോദ്ദേശം, വിശുദ്ധിയെന്നതു എന്താണെന്നു പഠിപ്പിക്കുകയല്ല.' (ഇതും താൻ ചെയ്യുന്നുണ്ടു) എങ്കിലും നാം വിശുദ്ധന്മാരായിത്തീരാവുന്ന വിധമുള്ള ഒരു ആത്മാവിനെ തരികയായിരുന്നു പ്രഥമോദ്ദേശം. തന്റെ അവതാരത്തിന്റെ ഉദ്ദേശം മനുഷ്യർക്കു ജീവനെ ധാരാളമായി കൊടുക്കുന്നതിനാണെന്നു താൻതന്നെ കല്പിച്ചിട്ടുമുണ്ടു്.

---

## ൲൮൰൩-ലെ മാർ ഗ്രീഗോറിയോസു സ്മാരക സുറിയാനി പരീക്ഷാഫലം.

കോട്ടയത്തു സിമ്മനാരിയിൽ നിന്നും ഒമ്പതു ശെമ്മാശ്ശന്മാർ ഈ പരീക്ഷയിൽ ചേരുകയും അവർ എല്ലാവരും വിജയികളായിത്തീരുകയും ചെയ്തു. ഈ പരീക്ഷയ്ക്കായി പാമ്പാക്കുടെ പഠിച്ചുവന്ന ശെമ്മാശ്ശന്മാർക്കും കോട്ടയത്തു സിമ്മനാരിയിൽ പഠിച്ചുവന്നവരിൽ ചിലർക്കും താല്ക്കാലമുണ്ടായ സുഖക്കേടു നിമിത്തം പരീക്ഷയിൽ ചേരുവാനിടയാകാതെ വന്നിട്ടുണ്ടു. ഒമ്പതു ശെമ്മാശ്ശന്മാർ ചേർന്നതിൽ രണ്ടു പേർ ഒന്നാം ക്ലാസിലും ശേഷമുള്ളവർ രണ്ടാം ക്ലാസിലും അത്ര ജയിച്ചതു. വിജയത്തിന്റെ മുറ അനുസരിച്ചു അവരുടെ പേരുകൾ താഴെ ചേർക്കുന്നു.

### ഒന്നാം ക്ലാസ്സ.

൧- കോലഞ്ചേരിൽ തേനുങ്കൽ ഗീവറുഗീസു ശെമ്മാശ്ശൻ
൨- മാവേലിക്കരെ പുത്തൻപുരയിൽ തോമ്മസു ശെമ്മാശ്ശൻ

### രണ്ടാം ക്ലാസ്സ.

൩- കരിങ്ങാച്ചിറ കുളിയാട്ടു സ്കറിയാ ശെമ്മാശ്ശൻ
൪- കുന്നംകുളങ്ങരെ കൊള്ളന്നൂർ യാക്കോബു ,,
൫- കുറിച്ചിയിൽ പുത്തൻപുരക്കൽ യോഹന്നാൻ ,,
൬- മാവേലിക്കരെ വടക്കേതലയ്ക്കൽ സ്കറിയാ ,,
൭- പാമ്പാടിയിൽ പേഴമറ്റത്തിൽ കുറിയാക്കോസു ,,
൮- ടി. ഓണാട്ടുകുന്നേൽ കുറിയാക്കോസു ,,
൯- കടമ്പനാട്ടു കീപ്പള്ളിൽ പത്രോസു ,,